## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1274

20.01.2014 ലെ മറുപടിക്ക്

### അനധികൃത ഭൂമി കയ്യേറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. പ്രദീപ് കുമാർ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ കൃഷ്ണഗിരി എസ്റ്റേറ്റിലുള്ള പതിനാല് ഏക്കറോളം ഗവൺമെന്റ് ഭൂമി ശ്രീ. എം. വി.ശ്രേയാംസ് കുമാർ അനധികൃതമായി കൈവശം വച്ച് വരികയും 1.35 ഏക്കർ സർക്കാർ ഭൂമി കയ്യേറി, മറിച്ച് വില്പന നടത്തുകയും ചെയ്തതായുള്ള ആക്ഷേപം ഉന്നയിച്ചുകൊണ്ട് എം.പി.വീരേന്ദ്രകുമാറിനും കുടുംബാംഗങ്ങൾക്കുമെതിരെ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ; | (എ) | **റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വയനാട് ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ അനധികൃതമായി സർക്കാർ ഭൂമി കൈവശപ്പെടുത്തിയെന്ന് ആരോപിച്ച് ശ്രീ.ലക്ഷ്മണൻ ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത W P (c) 30083/13 കേസിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലെന്നും ഇതുമായി ബന്ധപ്പെട്ട് പ്രാപ്തനായ ഒരു ഉദ്യോഗസ്ഥൻ 17/01/2014 - ൽ അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നേരിട്ട് ഹാജരായി വിശദമായ വിവരങ്ങൾ സമർപ്പിക്കുവാൻ 15/01/2014 ലെ 117008/D1/2013/Home നമ്പർ കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി, വയനാട് ജില്ലാ പോലീസ് മേധാവി എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി ആഭ്യന്തര വകുപ്പ് അറിയിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കേസിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത ഭൂമി സംബന്ധിച്ച് സുൽത്താൻ ബത്തേരി സബ്കോടതിയിൽ റവന്യൂ അധികൃതർ സ്വീകരിച്ച നിലപാട് എന്തായിരുന്നു; കേസ് വിധിയായിട്ടുണ്ടോ; സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ; 1964 ലെ കേരള ലാന്റ് അസസ്മെന്റ് റൂൾസ് അനുസരിച്ച് നടപടി സ്വീകരിക്കുന്നതിന് വീഴ്ച | (ബി) | **ബാധകമല്ല. പ്രസ്തുത ഭൂമി സംബന്ധിച്ച് ശ്രീ.എം.വി.ശ്രേയാംസ് കുമാർ സുൽത്താൻ ബത്തേരി സബ് കോടതിയിൽ ഒ.എസ്.142/07 നമ്പറായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസ്സിൽ 27/11/2007-ാം തീയതി ഇൻജംക്ഷൻ ഉത്തരവായിട്ടുള്ളതുമാണ്.<br>ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ WP(C)16422/07 നമ്പർ കേസ്സിന്റെ 01/06/2011 തീയതിയിലെ വിധിന്യായ പ്രകാരം ഈ ഭൂമി ഒരു** |

വരുത്തിയിരിക്കുന്നത് ഏത് ഉദ്യോഗസ്ഥനാണ്; ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മാസത്തിനകം സർക്കാരിലേയ്ക്ക് വിട്ട് കൊടുക്കുന്നതിനും അല്ലാത്തപക്ഷം സർക്കാർ ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാനും ഏറ്റെടുത്ത് 3 മാസത്തിനുള്ളിൽ ഭൂരഹിത പട്ടിക വർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനും ഉത്തരവായിട്ടുള്ളതാണ്. സുൽത്താൻ ബത്തേരി സബ്കോടതിയുടെ ഇൻജങ്ഷൻ ഓർഡർ നിലവിലുള്ളതിനാൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ.പി(സി) 490/11 നമ്പരായി സർക്കാർ കേസ് ഫയൽ ചെയ്യുകയും ആയതിന്റെ വിധിന്യായത്തിൽ മാനന്തവാടി ലാന്റ് ട്രിബ്യൂണലിനോട് കേസ് പരിഗണിക്കാനും കക്ഷികളെ വിചാരണ ചെയ്ത് 3 മാസത്തിനകം തീർപ്പ് കൽപ്പിച്ച് സുൽത്താൻ ബത്തേരി സബ്കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കാനും ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും കേസ് തീർപ്പാക്കുന്നതിന് 26/09/2013 തീയതിയിൽ 3 മാസത്തെ സമയം കൂടി അനുവദിച്ചുത്തരവായിരുന്നു. ആയതിനാൽ കേസ്സിന്റെ വിചാരണ 29/01/2014 ന് മാറ്റിവച്ചിട്ടുള്ളതാണ്. നിലവിൽ കേസ് മാനന്തവാടി ലാന്റ് ട്രൈബ്യൂണൽ പരിഗണിച്ച് വരുന്നതാണ്. എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് എതിർ കക്ഷി സമയം ആവശ്യപ്പെട്ടിട്ടുള്ളതാണ്. കോടതിയുടെ തീർപ്പിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

Rajeevi

സെക്ഷൻ ഓഫീസർ